# കേരളസർവകലാശാല

നം.പി.ആർ.92/2021

## പത്രക്കുറിപ്പ്

### അപേക്ഷാഫോം കൗണ്ടർ പ്രവർത്തനം നിർത്തിവച്ചു

കോവിഡ് വ്യാപനം കണക്കിലെടുത്ത് സർവകലാശാലയുടെ പാളയം ക്യാമ്പസിൽ പ്രവർത്തിക്കുന്ന അപേക്ഷ ഫോം വിൽപന കേന്ദ്രം ഏപ്രിൽ 26 മുതൽ പ്രവർത്തിക്കുന്നതല്ല. സർവകലാശാല സംബന്ധമായ എല്ലാ അപേക്ഷാ ഫോമുകളും സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) "Resources" എന്ന തലക്കെട്ടിന് താഴെയുളള 'Application Forms' എന്ന ലിങ്കിൽ നിന്നും ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്ത് ഉപയോഗിക്കാം. ഫീസ് അടയ്ക്കുന്നതിനോടൊപ്പം അപേക്ഷാ ഫോമിന്റെ വിലയും കൂടി അടയ്ക്കേണ്ടതാണ്. കൂടാതെ ഫീസ് അടയ്ക്കുന്നതിനായി സർവകലാശാലയുടെ ഓൺലൈൻ സംവിധാനമായ https://pay.keralauniversity.ac.in/ ഉപയോഗിക്കാവുന്നതാണ്.

### പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബി.എ./ബി.എസ്.സി./ബി.കോം. - ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം - സി.ബി.സി.എസ്.എസ്. - (2010, 2011 & 2012 അഡ്മിഷൻ) ഏപ്രിൽ 2021 പരീക്ഷയ്ക്കുളള മേഴ്സിചാൻസിന് പിഴകൂടാതെ ഏപ്രിൽ 28 വരെയും, 150 രൂപ പിഴയോടെ മെയ് 3 വരെയും 400 രൂപ പിഴയോടെ മെയ് 5 വരെയും ഓൺലൈനായി അപേക്ഷിക്കാം. പരീക്ഷാഫീസിനു പുറമേ മേഴ്സിചാൻസ് ഫീസ് കൂടി ഒടുക്കേണ്ടതാണ്. വിശദമായ വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### യൂണിവേഴ്സിറ്റി സ്റ്റേഡിയം പ്രവർത്തിക്കുന്നതല്ല

കോവിഡ് - 19 ന്റെ രൂക്ഷ വ്യാപനം കണക്കിലെടുത്ത് കേരളസർവകലാശാലയുടെ പി.എം.ജി. യിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി സ്റ്റേഡിയം ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ പൊതുജനങ്ങൾക്കായി തുറന്നു നൽകുന്നതല്ല.

### പഞ്ചായത്ത് രാജ് ദിനാചരണം

കേരളസർവകലാശാല നിയമവകുപ്പ് പഞ്ചായത്ത് രാജ് ദിനാചരണം സംഘടിപ്പിക്കും. ഏപ്രിൽ 24 നാണ് ദിനാചരണം. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും സ്ത്രീകൾക്കും സംവരണം ഉറപ്പാക്കിക്കൊണ്ട് ത്രിതലപഞ്ചായത്തുകൾ രൂപീകരിച്ച് അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാക്കിയ ഭരണഘടനാ ഭേദഗതി നിലവിൽ വന്നത് 1993 ഏപ്രിൽ 24 നാണ്. അതിന്റെ ഭാഗമായി 'ഇന്ത്യയിലെ പഞ്ചായത്ത് രാജ്:നിയമനിർമ്മാണം മുതൽ പ്രവർത്തനം വരെ' എന്ന വിഷയത്തിൽ, ന്യൂഡെൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്

**ചെയർമാൻ ഡോ.ജോർജ് മാത്യു പ്രഭാഷണം നടത്തും. താൽപ്പര്യമുള്ളവർക്ക് https://meet.google.com/dax-emxa-jdn എന്ന ലിങ്കിൽ പ്രവേശിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് 9497850014, 9061465958 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.**

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം.**
**23.04.2021**

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**